**പതിനാലാം കേരള നിയമസഭ**

**ബുള്ളറ്റിൻ - ഭാഗം 2**

**2018 ഡിസംബർ 2**

**നമ്പർ: 574**

**<u>ചട്ടം 238 പ്രകാരം സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട മുൻകൂർ പരിശോധന കൂടാതെ സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി സമർപ്പിക്കേണ്ട സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള സ്പീക്കറുടെ നിർദ്ദേശം.</u>**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238 പ്രകാരം സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട മുൻകൂർ പരിശോധന കൂടാതെ ഏതെങ്കിലും ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ട സാഹചര്യം ഉണ്ടായാൽ അവ പുറപ്പെടുവിച്ച് കഴിഞ്ഞതിനു ശേഷം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി ലഭ്യമാക്കേണ്ടതാണ്. അപ്രകാരമുള്ള സാധൂകരണത്തിനായി ചട്ടങ്ങൾ യഥാസമയം ലഭ്യമാക്കാതിരുന്നാൽ അതിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസ പത്രിക കൂടി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സമിതിക്കു ലഭ്യമാക്കേണ്ടതാണെന്നൊരു പുതിയ വ്യവസ്ഥ കൂടി പ്രസ്തുത ചട്ടത്തിന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ കൂട്ടിച്ചേർത്തിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റികളുടെ മുൻകൂർ പരിശോധന കൂടാതെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ട സാഹചര്യം ഉണ്ടായാൽ, പ്രസ്തുത ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി ലഭ്യമാക്കേണ്ട കാലപരിധി എത്രയാണെന്ന് വ്യക്തമായി ചട്ടം 238-ൽ പരാമർശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് ചട്ടങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞ് മുപ്പത് ദിവസത്തിനുള്ളിൽ ആയിരിക്കേണ്ടതാണെന്നും പ്രസ്തുത മുപ്പത് ദിവസത്തിനുള്ളിൽ ചട്ടങ്ങൾ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ കാലതാമസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കുന്ന പത്രികയോടൊപ്പം അവ ലഭ്യമാക്കേണ്ടതാണെന്നും അപ്രകാരം കാലതാമസ പത്രികയോടൊപ്പം സമർപ്പിക്കുന്ന ചട്ടങ്ങൾ മാത്രമേ ബന്ധപ്പെട്ട സമിതികൾ പരിശോധിക്കേണ്ടതുള്ളൂ എന്നും നിർദ്ദേശിക്കുന്നു.

**വി.കെ. ബാബുപ്രകാശ്,**
**സെക്രട്ടറി**